വിവിധതരം കുലത്തൊഴിൽ ചെയ്തു വരുന്നവരെ അദർ എലിജിബിൾ കമ്മ്യൂണിറ്റി വിഭാഗത്തിൽ ഉൾപ്പെടുത്താനുള്ള നടപടി

53 (54) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗതമായി വിവിധതരം കുലത്തൊഴിൽ ചെയ്തുവരുന്ന വിശ്വകർമ്മ, വാണികവൈശ്യ, വിളക്കിത്തലനായർ, പത്മശാലിയ ഈഴവാത്തി, പണ്ഡിതർ, വെളുത്തേടത്തുനായർ, ചെട്ടി, തെലുങ്കുചെട്ടി, യാദുവ, വീരശൈവ തുടങ്ങിയ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവരെ അദർ എലിജിബിൾ കമ്മ്യൂണിറ്റി വിഭാഗത്തിൽ ഉൾപ്പെടുത്തുവാനും ഈ വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകാനും നടപടി സ്വീകരിക്കുമോ ;

(ബി) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ പിന്നോക്ക വിഭാഗങ്ങളെ ബാക്ക് വേർഡ് എന്നും മോസ്റ്റ് ബാക്ക് വേർഡ് എന്നും രണ്ടായി തിരിച്ച് കൂടുതൽ പിന്നോക്കം നിൽക്കുന്ന മോസ്റ്റ് ബാക്ക് വേർഡ് കമ്മ്യൂണിറ്റീസിന് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) പിന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ പരമ്പരാഗത കുലത്തൊഴിൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) വിശദമായ പഠനങ്ങൾക്കുശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. പഠനം നടത്തുന്ന കാര്യം പരിശോധനയിലാണ്.

(സി) പരിഗണിക്കുന്നതാണ്.

പട്ടികജാതിക്കാരുടെ ഉപസംവരണവ്യവസ്ഥ

54 (55) ശ്രീ. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാരുടെ ഉപസംവരണ വ്യവസ്ഥ പുനഃസ്ഥാപിക്കാനായിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ ;

(ബി) ഇതിലേയ്ക്ക് വേണ്ടി കിർത്താഡ്സിൽ നിന്നും എന്തെങ്കിലും റിപ്പോർട്ടോ ശുപാർശയോ സർക്കാർ ആവശ്യപ്പെട്ടിരുന്നുവോ ;

(സി) എങ്കിൽ എന്നാണ് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നതെന്ന് വിശദമാക്കാമോ ?

(ഡി) കിർത്താഡ്സിൽ നിന്നും ഇതിൻമേൽ റിപ്പോർട്ട് ലഭിച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ എന്നാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത് ; അതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് പറയാമോ ;

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ ;

(ജി) ഉപസംവരണം പുന:സ്ഥാപിച്ച് സാമൂഹ്യനീതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്ന കാര്യം ഈ ഗവൺമെന്റിന് അനുഭാവപൂർവ്വം പരിഗണിക്കാമോ ?

ഉത്തരം

(എ) പട്ടികജാതിക്കാരുടെ ഉപസംവരണ വ്യവസ്ഥ പുന:സ്ഥാപിക്കുവാൻ വേണ്ടിയുള്ള ആവശ്യത്തിന്മേൽ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

(ബി) ആവശ്യപ്പെട്ടിരുന്നു.

(സി) 30-1-1996 മുതലാണ് സർക്കാർ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നത്.

(ഡി&ഇ) ലഭ്യമായിട്ടില്ല.

(എഫ്) ഉപസംവരണം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് കിർത്താഡ്സ് സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രവേശന പരീക്ഷയ്ക്കുവേണ്ടി അപേക്ഷ സമർപ്പിക്കുന്ന പട്ടിക വിഭാഗക്കാരുടെ സാമൂഹിക, സാമ്പത്തിക വിദ്യാഭ്യാസ പശ്ചാത്തലത്തെക്കുറിച്ച് കഴിഞ്ഞ നാലുവർഷമായി വിവരശേഖരണം നടത്തിവരുന്നു. പതിനായിരത്തിൽപ്പരം വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ അപേക്ഷാഫാറത്തിൽ നൽകിയിരിക്കുന്ന വിവരങ്ങളാണ് പരിശോധനയ്ക്ക് എടുത്തിട്ടുള്ളത്. ഇതു കൂടാതെ കിർത്താഡ്സ് നടത്തിയിട്ടുള്ള സമുദായ നിർണ്ണയ പഠനങ്ങൾ വ്യക്തിഗത അന്വേഷണങ്ങൾ, പ്രാകൃത ഗോത്ര വർഗ്ഗക്കാരെക്കുറിച്ചുള്ള പഠനങ്ങൾ തുടങ്ങിയവയിൽ നിന്നും ശേഖരിച്ച വിവരങ്ങൾ കൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നുണ്ട്. സാമ്പിൾ സർവ്വേ പ്രകാരം ഏകദേശം എല്ലാ സമുദായക്കാരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു. ഇക്കാരണങ്ങളാണ് കാലതാമസം നേരിടുന്നത്.

(ജി) കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

മോഡണൈസേഷൻ ഓഫ് മദ്രസാ എഡ്യൂക്കേഷൻ പദ്ധതി

55 (56) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത മോഡണൈസേഷൻ ഓഫ് മദ്രസാ എഡ്യൂക്കേഷൻ പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാർ നാളിതുവരെ എന്ത് തുക ഗ്രാന്റായി അനുവദിച്ചു ;

(ബി) ഇതിൽ എന്തു തുക ചെലവഴിച്ചു ;

(സി) ഈ ആവശ്യത്തിലേയ്ക്ക് ചെലവഴിക്കാതെ തുക ലാപ്സാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly